**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1255** **07-10-2021 - ൽ മറുപടിയ്ക്ക്**

**മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ? | (എ) | കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതികളുടെ പ്രവൃത്തി പുരോഗതി വിവരങ്ങൾ താഴെ പറയുന്നു. ഭരണാനുമതി നൽകി ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കിയ പഴയങ്ങാടി ബോട്ട് ടെർമിനൽ പ്രവൃത്തി പൂർത്തീകരിച്ചു ഉദ്ഘാടനം നിർവഹിക്കുകയും, ഡിടിപിസിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവർത്തികൾ നടന്നു വരുന്നു. മൈനർ ബോട്ട് ടെർമിനൽ മടക്കര - 50% പ്രവർത്തി പൂർത്തീകരിച്ചു പട്ടുവം മേജർ ബോട്ട് ടെർമിനൽ - 74%പ്രവർത്തി പൂർത്തീകരിച്ചു മുതുകട ബോട്ട് ജെട്ടി - 65% പ്രവർത്തി പൂർത്തീകരിച്ചു തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ - 70% പ്രവർത്തി പൂർത്തീകരിച്ചു താവം ബോട്ട് ജെട്ടി - 50% പ്രവർത്തി പൂർത്തീകരിച്ചു മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത് - 40% പ്രവർത്തി പൂർത്തീകരിച്ചു മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് - 72% പ്രവർത്തി പൂർത്തീകരിച്ചു മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ – 72% പ്രവർത്തി പൂർത്തീകരിച്ചു മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് - 78% പ്രവർത്തി പൂർത്തീകരിച്ചു മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ – പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു. ബോട്ടുജെട്ടികളുടെ നിർമ്മാണം ഇൻലാൻറ് നാവിഗേഷൻ വകുപ്പാണ് ചെയ്യുന്നത്.KEL നെ ചുമതലപ്പെടുത്തിയ മറ്റു അനുബന്ധ പ്രവൃത്തികൾ CRZ clearance ലഭ്യമായതിന് ശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ